**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3090** **19.06.2018 ൽ മറുപടിയ്ക്ക്**

**തരിശുരഹിത ചേലക്കര നിയോജകമണ്ഡലം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന ദേശമംഗലം, പരവൂർ, മുള്ളൂർക്കര എന്നീ കൃഷിഭവനുകളുടെ പരിധിയിലും, പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന തിരുവില്വാമല, പഴയന്നൂർ, കൊണ്ടാഴി, ചേലക്കര, പാഞ്ഞാൾ, വള്ളത്തോൾ നഗർ എന്നീ കൃഷിഭവനുകളുടെ പരിധിയിലും തരിശുരഹിത ചേലക്കര നിയോജകമണ്ഡലം എന്ന പദ്ധതി പ്രകാരം തരിശുകിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ഇറക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | എ) 2018-19 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ തരിശു കിടക്കുന്ന 70 ഹെക്ടറിലും ചേലക്കര നിയോജക മണ്ഡലത്തിൽ തരിശു കിടന്ന 65 ഹെക്ടറിലും സ്ഥലത്തും സമഗ്ര നെൽകൃഷി പദ്ധതി പ്രകാരം തരിശു കൃഷിക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) ചേലക്കര മണ്ഡലത്തിലെ മേൽപ്പറഞ്ഞ കൃഷിഭവനുകളുടെ പരിധിയിൽ എത്ര തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കി കൃഷി ഇറക്കിയിട്ടുണ്ട്; ഓരോ കൃഷിഭവന്റേയും പരിധിയിലെ വിവരങ്ങൾ പ്രത്യേകം വ്യക്തമാക്കുമോ? | ബി) 2017-18 സാമ്പത്തിക വർഷത്തിൽ ചേലക്കര മണ്ഡലത്തിൽ തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കി കൃഷി ഇറക്കിയതിന്റെ കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ചേലക്കര : 14.3134 ഹെക്ടർ<br>തിരുവില്വാമല : 1.16 ഹെക്ടർ<br>പഴയന്നൂർ : 1.4 ഹെക്ടർ<br>പാഞ്ഞാൾ : 7.2 ഹെക്ടർ<br>കൊണ്ടാഴി : 6.62 ഹെക്ടർ |

**സെക്ഷൻ ഓഫീസർ**